# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in


---

നം: DHS/3059/2026-EF3 തീയതി: 05-03-2026

## കാരണം കാണിക്കൽ നോട്ടീസ്

വയനാട്, പനമരം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയിൽ 12.05.2014 മുതൽ ജോലി ചെയ്തിരുന്ന ശ്രീ. സമീർ Z എന്ന താങ്കൾ 11.06.2014 മുതൽ 5 വർഷത്തേക്ക് KSR Part 1- Appendix XII A പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്നു താങ്കളുടെ അപേക്ഷ പ്രകാരം 11.06.2019 മുതൽ 05 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ശൂന്യവേതനാവധിക്കു ശേഷം 11.06.2024 തീയതി മുതൽ താങ്കൾ ജോലിക്കു ഹാജരാകേണ്ടതായിരുന്നു. എന്നാൽ അനുവദിച്ച അവധിയുടെ കാലാവധി കഴിഞ്ഞതിനു ശേഷവും ജോലിക്കു ഹാജരാകുന്നതിനായി ഈ സ്ഥാപനത്തിലോ അവസാനം ജോലി ചെയ്ത സ്ഥാപനത്തിലോ താങ്കൾ അപേക്ഷ നൽകിയിട്ടില്ല. അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നതു ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവുമാണ്. താങ്കളുടെ സേവനം ക്രമപ്പെടുത്തുകയോ പ്രൊബേഷൻ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാരണത്താൽ 1958 ലെ കേരള സ്റ്റേറ്റ് സബോഡിനേറ്റ് ആൻഡ് സർവീസ് റൂൾസിലെ ഭാഗം 2 ചട്ടം 19(2) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിനെതിരെ താങ്കൾക്കു എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയതു ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്. ആയതു സംബന്ധിച്ച പ്രതിവാദ പത്രികയോ വിശദീകരണമോ മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്കു ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന

നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Sandeep K
Date: 07-03-2026
12:25:54

വിശ്വസ്തതയോടെ,

**SANDEEP K**

**ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)**

സ്വീകർത്താവ്,

Sameer Z
49/142, Thottam
Jainimedu
Vadakkanthara P O
Palakkad (Dist) 678012

പകർപ്പ്,

1. ജില്ലാ മെഡിക്കൽ ഓഫീസർ, വയനാട്
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് (പ്രസിദ്ധീകരണത്തിന്)